**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1018** **12.07.2016 ൽ മറുപടിയ്ക്ക്**

**നാണ്യ വിളകൾ**

**ചോദ്യം** **ഉത്തരം**

ശ്രീ.പി.കെ. ശശി

ശ്രീ. വി.എസ്.സുനിൽ കുമാർ
(ബഹു.കൃഷി വകുപ്പ് മന്ത്രി)

(എ) മുൻ സർക്കാർ അധികാരത്തിലെത്തുമ്പോൾ റബ്ബർ, തെങ്ങ്, ഏലം, കുരുമുളക്, ജാതിക്ക, അടയ്ക്ക തുടങ്ങിയവയുടെ വില എത്രയായിരുന്നെന്നും അധികാരമൊഴിയുമ്പോഴുള്ള വില എത്രയായിരുന്നെന്നും വ്യക്തമാക്കുമോ?

(എ)

| ഉല്പന്നം | 2011 മെയ് മാസത്തെ വില | 2016 മെയ് മാസത്തെ വില |
|---|---|---|
| റബർ(RSS4) | കിലോയ്ക്ക് 225.23 രൂപ | കിലോയ്ക്ക് 130.62 രൂപ |
| നാളികേരം | 10550/- രൂപ (1000 എണ്ണത്തിന്) | 9500/- രൂപ (1000 എണ്ണത്തിന്) |
| ഏലം | 706 Rs/Kg | 683Rs/Kg |
| കുരുമുളക് | 28700 Rs/Kg | 72444 Rs/Kg. |
| ജാതിയ്ക്ക | 287Rs/Kg | 193Rs/Kg |
| അടയ്ക്ക | 10598 Rs/Quintal | 18000Rs/ Quintal |

(ബി) മുൻ സർക്കാരിന്റെ കാലയളവിൽ ഏലത്തോട്ടങ്ങൾ, കുരുമുളകുതോട്ടങ്ങൾ, തെങ്ങിൻതോട്ടങ്ങൾ, ജാതി തോട്ടങ്ങൾ, റബ്ബർ തോട്ടങ്ങൾ, അടയ്ക്കാതോട്ടങ്ങൾ എന്നിവ എത്ര ഏക്കറായിരുന്നുവെന്നും അധികാരമൊഴിയുമ്പോൾ എത്ര ഏക്കർ സ്ഥലങ്ങൾ കൃഷി യോഗ്യമായിരുന്നെന്നും ഏതെല്ലാം മേഖലകളിൽ മേൽപരാമർശിച്ച കാർഷിക വിളകൾ ഒഴിവാക്കിയെന്നും വ്യക്തമാക്കുമോ;

(ബി) 2015- 16

വിവരം ശേഖരിച്ചു വരുന്നു.

(സി) പ്രസ്തുത മേഖലയിൽ യു.ഡി.എഫ് ഭരണ കാലയളവിൽ എത്ര പേർ ആത്മഹത്യ ചെയ്തെന്നും ഇവരുടെ കുടുംബങ്ങൾക്ക് മുൻ സർക്കാർ എന്തു സഹായം നൽകിയെന്നും വ്യക്തമാക്കുമോ;

സി) വിവരം ശേഖരിച്ചു വരുന്നു.

ഡി) പ്രസ്തുത കാർഷിക മേഖലയെ സംരക്ഷിക്കുന്നതിന് ഏന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഡി) സുഗന്ധവ്യഞ്ജനങ്ങളായ ജാതി, കുരുമുളക് എന്നിവയുടെ സംരക്ഷണത്തിനായുള്ള പദ്ധതികൾ സ്പൈസസ് ബോർഡ് മുഖേനയും റബ്ബർ കൃഷിയുടെ സംരക്ഷണത്തിനായുള്ള പദ്ധതികൾ റബ്ബർ ബോർഡ്

മുഖേനയും തെങ്ങ് കൃഷിയുടെ പ്രോത്സാഹനത്തിനായുള്ള പദ്ധതികൾ നാളികേര വികസന ബോർഡ് മുഖേനയും നടപ്പിലാക്കി വരുന്നു. ഇതു കൂടാതെ സുഗന്ധവ്യഞ്ജന വിളകളുടെ വികസനത്തിനായി ഡെവലപ്മെന്റ് ഓഫ് സ്പൈസസ് എന്ന പദ്ധതി 10 കോടി രൂപയുടെ നടപ്പിലാക്കി വരുന്നു. വയനാട് പാക്കേജിന്റെ ഭാഗമായി കുരുമുളക് കൃഷിയുടെ സംരക്ഷണത്തിനായുള്ള പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന കൃഷി വകുപ്പ് നാളികേര വികസനത്തിനായി 45.00 കോടി രൂപയുടെ കേര ഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നു. നെല്ല് വില സ്ഥിരത ഉറപ്പ് വരുത്തുന്നതിനായി 385 കോടിയും റബ്ബർ വിലസ്ഥിരതയ്ക്കായി 500 കോടി രൂപയും ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ നാളികേരത്തിന്റെ വിലയിടിവ് തടയുന്നതിനായി പച്ചത്തേങ്ങ സംഭരണത്തിന് 100 കോടി രൂപ വിലയിരുത്തിയിട്ടുണ്ട് (കിലോയ്ക്ക് 25/- രൂപാ നിരക്കിൽ). മുഴുവൻ കൃഷി ഭവൻ വഴി തേങ്ങാ സംഭരിക്കുന്നതിനുള്ള നടപടി ആരംഭിച്ചു.

സെക്ഷൻ ഓഫീസർ